സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയസമ്പന്നരായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) വെർച്വൽ ക്ലാസ്റൂം തുടങ്ങുന്നതിന് ഉപകരണങ്ങൾക്കായി 15 ലക്ഷം രൂപയും ഇരിപ്പിട സംവിധാനത്തിനായി 3 ലക്ഷം രൂപയും ക്ലാസ്റൂമിന്റെ ശബ്ദനിയന്ത്രണത്തിനായി (Aquatic proof) പാനലിംഗ് ജോലികൾ, മറ്റ് ഇന്റീരിയർ വർക്കുകൾ, ലൈറ്റ് ഫിറ്റിംഗുകൾ, യു.പി.എസ്. എന്നിവയ്ക്കായി 5 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. ഇരിപ്പിട സംവിധാനം, പാനലിംഗ്, ഇന്റീരിയർ തുടങ്ങിയവ പി.ഡബ്ല്യു.ഡി.യോ മറ്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരമോ ചെയ്യാവുന്നതാണ്.

എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിലെ ക്വാളിറ്റി ഇംപ്രൂവ് മെൻറ് പ്രോഗ്രാം

12(4615) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിൽ നടപ്പിലാക്കുന്ന ക്വാളിറ്റി ഇംപ്രൂവ്മൻറ് പ്രോഗ്രാമിൽ ഉന്നതപഠനത്തിന് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയനവർഷങ്ങളിൽ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ചാണോ അദ്ധ്യാപകരെ പ്രസ്തുത പ്രോഗ്രാമിലേക്ക് തിരഞ്ഞെടുത്തതെന്നു വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ നൽകിയ അദ്ധ്യാപക അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിരസിയ്ക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) എ.ഐ.സി.റ്റി.ഇ.-യുടെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപകർക്കു വേണ്ടി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം എൽ.ബി.എസ്-ന്റെ കീഴിൽ പൂജപ്പുരയും കാസർഗോഡും പ്രവർത്തിക്കുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, രണ്ട് കോളേജുകളിലെയും പ്രിൻസിപ്പൽമാർ, ഫിനാൻസ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജോയിന്റ് ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവർ മെമ്പറായുള്ള ഒരു സ്ക്രൂട്ടനൈസിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സ് പ്രകാരം അപേക്ഷകൾ QIP സെന്ററുകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

(ബി) സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകർ സമർപ്പിക്കുന്ന അപേക്ഷകൾ QIP പ്രോഗ്രാമിലേക്ക് അയയ്ക്കാൻ തെരഞ്ഞെടുക്കുന്നത്.

(സി) ഉണ്ട്. സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അപേക്ഷകൾ പരിഗണിച്ചത്.

സ്കൂളുകളിലെ അനദ്ധ്യാപകർ

13(4616) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ മാന്വലിൽ അനദ്ധ്യാപകരെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനും, അനദ്ധ്യാപക ബാങ്ക് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേഡ് സ്കെയിൽ നഷ്ടപ്പെട്ടത്, കഴിഞ്ഞ ശമ്പള പരിഷ്കരണ പ്രാബല്യ തീയതി മുതൽ പുനഃസ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്ന വേളയിൽ ഇത് പരിഗണിക്കാവുന്നതാണ്.

(ബി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അനദ്ധ്യാപക ജീവനക്കാരായി ലാബ് അസിസ്റ്റന്റുമാർ മാത്രമാണുള്ളത്. ഈ തസ്തികയിൽ അധിക ജീവനക്കാരില്ലാത്തതിനാൽ അനദ്ധ്യാപക ബാങ്ക് നടപ്പാക്കേണ്ടതില്ല.

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ നിലവിൽ വന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly